# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6386 03-04-2018-ൽ മറുപടിക്ക്**

## വനം വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം

| ചോദ്യം<br>ശ്രീമതി. പി.അയിഷാ പോറ്റി | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
|---|---|
| (എ) വനം വന്യജീവി വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷണൽ ഫോറസ്റ്റ് ഓഫീസർ വിഭാഗം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ സംരക്ഷണ ഇതര ജോലികൾക്കായി തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്ത് നിയമിച്ചിട്ടുണ്ടോ; | (എ) നിയമിച്ചിട്ടുണ്ട്. |
| (ബി) നിയമിച്ചിട്ടുണ്ടെങ്കിൽ എത്ര പേരാണെന്നും അവരുടെ തസ്തിക തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ; | (ബി) രണ്ട് സെക്ഷൻ ഫോറസ്റ്റാഫീസർമാരേയും മൂന്ന് ബീറ്റ് ഫോറസ്റ്റാഫീസർമാരേയും നിയമിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത വിഭാഗത്തിൽ മൂന്ന് വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി ജോലി നോക്കുന്ന ജീവനക്കാർ ഉണ്ടോ; വ്യക്തമാക്കുമോ; | (സി) മൂന്ന് വർഷത്തിൽ കൂടുതലായി ഒരു ബീറ്റ് ഫോറസ്റ്റാഫീസർ ജോലി ചെയ്തു വരുന്നു. |
| (ഡി) ഇവർ ജോലി നോക്കുന്ന തസ്തികകൾ സ്ഥിരം തസ്തികകൾ ആണോ എന്ന് അറിയിക്കുമോ? | (ഡി) സ്ഥിരം തസ്തികയിലല്ല ഇവരെ നിയമിച്ചിരിക്കുന്നത്. ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് ടിയാന്മാരെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ